വളരെ ദയനീയമായ നിലയിൽ കിടക്കുന്ന ഒരു സ്ഥിതിയാണ് കൊല്ലം ജില്ലയെ സംബന്ധിച്ചിടത്തോളമുള്ളത്. അതുകൊണ്ട് ജില്ലാ പഞ്ചായത്ത് പ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് അങ്ങും തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും കൂടി ചേർന്നുകൊണ്ട് ഒരു മീറ്റിംഗ് വിളിച്ചുചേർത്ത് ഈ വിഷയത്തിൽ ഒരു പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, അതിനെപ്പറ്റി പ്രത്യേകമായ ഒരു റെപ്രസെന്റേഷൻ തന്നാൽ, അതിന്റെ അടിസ്ഥാനത്തിൽ ജോയിന്റായി ഒരു കോൺഫറൻസ് നടത്താം.

ശ്രീ. എം. കുമാരൻ : സർ, കഴിഞ്ഞ ജൂൺ മാസത്തിൽ ഭവന നിർമ്മാണത്തെക്കുറിച്ച് ചർച്ച ചെയ്ത സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് സംസാരിച്ചിരുന്നു. ലക്ഷം വീടു കോളനികളിലെ വീട് പുനർനിർമ്മിക്കാൻ വേണ്ടി ഈ ബഡ്ജറ്റിൽ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് ഭവന നിർമ്മാണ പദ്ധതി എത്രയുംപെട്ടെന്ന് നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നു. ആ പദ്ധതികൾ നടപ്പിലാക്കാൻ ഈ ബഡ്ജറ്റിലെങ്കിലും ഫണ്ട് ഉൾപ്പെടുത്തുമോ എന്നുള്ളതാണ് ഞങ്ങൾക്ക് അറിയാനുള്ളത് ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ഇത്തവണത്തെ ബഡ്ജറ്റിൽ, ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനത്തിൽ അതിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് പറഞ്ഞ വാഗ്ദാനം പാലിക്കും. ഈ വർഷം അതിന്റെ പ്രവർത്തനം ആരംഭിക്കാൻ പോവുകയാണ്.

പൊതു വസ്തുവകകളുടെ വാടക പുതുക്കി നിശ്ചയിക്കാൻ നടപടി

2 (*501) ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാട്ടത്തിന് നൽകുന്ന പൊതു വസ്തുവകകളുടെ വാടക എത്ര വർഷം കൂടുമ്പോഴാണ് പുതുക്കുന്നതെന്നും ഇത് സംബന്ധിച്ച മാനദണ്ഡങ്ങളെന്തെന്നും വിശദമാക്കുമോ ;

(ബി) ഏറ്റവും ഒടുവിൽ പൊതു വസ്തുവകകളുടെ വാടക പുതുക്കിയത് എന്നാണ് ;

(സി) വർഷങ്ങളായി പുതുക്കാതിരിക്കുന്ന പൊതു വസ്തുവകകളുടെ വാടക പുതുക്കി നിശ്ചയിക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ,

(എ) പാട്ടനിരക്ക് പുതുക്കുവാൻ കാലപരിധി നിശ്ചയിച്ചിട്ടില്ല. എന്നാൽ നഗര പ്രദേശത്ത് മൂന്ന് വർഷത്തിലൊരിക്കൽ പാട്ടം പുതുക്കേണ്ടതാണ്. 1964-ലെ ഭൂമി പതിവു ചട്ടങ്ങൾ 18(1) അടിസ്ഥാനപ്പെടുത്തിയാണ് ഗ്രാമ പ്രദേശങ്ങളിലെ ഭൂമി പാട്ടത്തിനു നൽകുന്നത്. മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശത്ത് 1995-ൽ പുറപ്പെടുവിച്ച ചട്ടങ്ങൾ അടിസ്ഥാനമാക്കി പാട്ട നിരക്ക് വരുന്നു.

(ബി) 19-12-1985-ലെ ജി.ഒ. പ്രകാരം പഞ്ചായത്ത് പ്രദേശങ്ങളിലും 13.11.1995-ലെ ജി.ഒ. പ്രകാരം മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലും സർക്കാർ ഭൂമിയുടെ പാട്ടനിരക്ക് പുതുക്കി നിശ്ചയിച്ചു.

(സി) പാട്ടത്തിനു കൊടുത്തിട്ടുള്ള സർക്കാർ ഭൂമിയുടെ പാട്ട നിരക്ക് യുക്ത്യാധിഷ്ഠിതമായി പുതുക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. ഷിബു ബേബിജോൺ: സർ, മുനിസിപ്പൽ അതിർത്തിയിലും പഞ്ചായത്ത് അതിർത്തിയിലും 1985-ലും 1995-ലും പാട്ടനിരക്ക് പുതുക്കിയതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ മഹാരാജാവിന്റെ കാലഘട്ടത്തിൽ പാട്ടം കൊടുത്തതിന്റെ അടിസ്ഥാനത്തിൽ വനഭൂമിയടക്കം അനേകം ഭൂമി സ്വകാര്യ വ്യക്തികളുടെ കൈയിലുണ്ട്. അവർ 1.5 രൂപ മുതൽ 4 രൂപവരെയാണ് പാട്ടത്തുക നൽകുന്നത്. എന്നാൽ ഇലക്ട്രിസിറ്റി ബോർഡും പ്ലാന്റേഷൻ കോർപ്പറേഷനുമെല്ലാം 1300 രൂപയാണ് ഒരു ഹെക്ടറിന് വാടക കൊടുക്കുന്നത്. ഈ ഡിസ്പാരിറ്റി മാറ്റി ഇത് ഏകീകരിക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമോ ?

ശ്രീ. കെ. എം. മാണി: സർ, വ്യത്യസ്തമായ രീതിയിലായിരിക്കും പാട്ടത്തുക, അതെല്ലാം കൃത്യമായി ഏകീകരിക്കാൻ കഴിയുമോ എന്നുള്ള കാര്യം തീർത്തുപറയാൻ കഴിയില്ല.

ശ്രീ. ഷിബു ബേബിജോൺ: സർ, മൂന്നാറിലെ ടാറ്റായുടെ കൈയിലും 19,000-ത്തിൽപ്പരം ഏക്കർ ഭൂമി ഉണ്ട്. പത്താം കേരള നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റിയും അഷ്വറൻസ് കമ്മിറ്റിയും മുമ്പാകെ അവർ പറഞ്ഞത് ഇപ്പോൾ നൽകുന്ന 25 രൂപ എന്നുള്ളത് ഗവൺമെന്റ് ആവശ്യപ്പെട്ടാൽ കൂട്ടിക്കൊടുക്കാമെന്നാണ്. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് അങ്ങനെ ഒരാവശ്യം ഉന്നയിച്ചിട്ടില്ല, ഈ ഗവൺമെന്റ് ആ ആവശ്യമുന്നയിച്ച് അത് കൂട്ടാനുള്ള എന്തെങ്കിലും നടപടി കൈക്കൊള്ളുമോ ?

ശ്രീ. കെ. എം. മാണി: സർ, ഗവൺമെന്റിനു കൂടുതൽ വരുമാനം കിട്ടുന്ന കാര്യമായതുകൊണ്ട് ആ വിഷയത്തിന്റെ പ്രായോഗികവശം പരിശോധിക്കാം.

ശ്രീ. എ. എൻ. രാജൻ ബാബു: സർ, മുൻ തിരുവിതാംകൂർ, കൊച്ചി സർക്കാരുകൾ നോമിനൽ വാല്യൂ വാങ്ങിയും അല്ലാതെയും ധാരാളംപേർക്ക് ഭൂമി പാട്ടത്തിനു നൽകിയിരുന്നു. അതിലുള്ള മരങ്ങൾപോലും അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കാമെന്നും വില കൊടുക്കോണ്ടതില്ലെന്നുമുണ്ടായിരുന്നു. ഈ സാഹചര്യത്തിൽ ഈ ഭീമമായ നഷ്ടംകണ്ട് 1980-ൽ The Kerala Grants and Leases (Modification of Rights) Act നിലവിൽ വരികയുണ്ടായി. അതനുസരിച്ച് തിരുവിതാംകൂർ, കൊച്ചി സർക്കാരുകൾ നൽകിയിട്ടുള്ള പാട്ടത്തിന് റെന്റും സീനിയറേജും ഫിക്സുചെയ്യാൻ സിവിൽ കോടതിയുടെ അധികാരത്തോടുകൂടി ജില്ലാ കളക്ടറെ നിയമിച്ചിട്ടുണ്ട്. അതുപോലെതന്നെ ഗവൺമെന്റിലേയ്ക്ക് അപ്പീലുമുണ്ട്. ഇതനുസരിച്ച് തിരുവിതാംകൂർ സർക്കാരും കൊച്ചി സർക്കാരും നൽകിയിട്ടുള്ള ഭൂമികൾക്ക് റെന്റും സീനിയറേജും പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ ; അതുപോലെതന്നെ കേരള ഗവൺമെന്റ് കൊടുത്തിട്ടുണ്ടെങ്കിൽ അതും പുതുക്കി നിശ്ചയിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ഇത് വളരെ കോംപ്ലക്സായിട്ടുള്ള കോമ്പൗണ്ട് കസ്റ്റ്യനാണ്. ജില്ലാ കളക്ടർമാരെ സംബന്ധിച്ചിടത്തോളം ആ ആക്ടിനു വിധേയമായി കാലാകാലങ്ങളിൽ ലീസുകൾ പുതുക്കേണ്ടതുണ്ട്. അങ്ങനെയുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. ഓരോന്നും പ്രത്യേകം പറയണമെങ്കിൽ പ്രത്യേകമായി നോട്ടീസ് തരണം.

ശ്രീ. ഉമേഷ് ചള്ളിയിൽ : സർ, സംസ്ഥാനത്ത് പാട്ടത്തിനു നൽകിയിട്ടുള്ള പൊതു വസ്തുക്കളുടെ ആകെ വിസ്തൃതി എത്രയാണെന്ന് വിശദീകരിക്കാമോ ?

ശ്രീ. കെ. എം. മാണി : കേരളത്തിലാകെ 2633 ഹെക്ടർ സ്ഥലമാണ് വിവിധ ഉദ്ദേശ്യങ്ങൾക്കായി പാട്ടത്തിനു നൽകിയിട്ടുള്ളത്.

ശ്രീ. ഉമേഷ് ചള്ളിയിൽ : സർ, സ്വകാര്യ മേഖലയിൽ എത്രയേക്കർ ഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ടെന്നുള്ളത് വിശദമാക്കാമോ ?

ശ്രീ. കെ. എം. മാണി : അതിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. കെ. കെ. ഷാജു : സർ, നമ്മുടെ സംസ്ഥാനത്ത് വളരെ സുപ്രധാനമായ മേഖലയിൽ, തിരുവനന്തപുരം പട്ടണംപോലെയുള്ള സംസ്ഥാന തലസ്ഥാനത്തുപോലും സർക്കാർ വസ്തുവകകൾ വളരെ കുറഞ്ഞ നിരക്കിലാണ് പാട്ടത്തിനു നൽകുന്നത്. 50,000-വും ഒരു ലക്ഷവും രൂപ മെമ്പർഷിപ്പ് പിരിക്കുന്ന സംഘടനകൾപോലും വളരെ തുച്ഛമായ പാട്ടം നൽകിയാണ് ഇത്തരം വസ്തുവകകൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അത്തരം ഭൂമിക്ക്, സർക്കാരിന്റെ വസ്തുവകകൾക്ക് വാടക വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, പാട്ടത്തുക വളരെ കുറവാണ് എന്നുള്ളത് തെറ്റായ ഒരു ധാരണയാണ് എന്നാണ് എന്റെ വിശ്വാസം. 1995-ലെ ജി. ഒ. ആണ് ഇപ്പോൾ നിലവിൽ ഇരിക്കുന്നത്. അതായത് മുനിസിപ്പൽ ആക്ടിൽ കൊമേഴ്സ്യൽ പർപ്പസും നോൺ കൊമേഴ്സ്യൽ പർപ്പസും ഉണ്ട്. നോൺ കൊമേഴ്സ്യൽ പർപ്പസിനാണെങ്കിൽ മാർക്കറ്റ് വാല്യുവിന്റെ 10 ശതമാനവും

LIBRARY ARCHIVES Kerala Legislative Assembly

കൊമേഴ്സ്യൽ പർപ്പസിനാണെങ്കിൽ മാർക്കറ്റ് വാല്യൂവിന്റെ 20 ശതമാനവും ആണ് പാട്ടസംഖ്യ. 20 ശതമാനമെന്നു പറഞ്ഞാൽ, അഞ്ച് വർഷത്തെ പാട്ട സംഖ്യയാകുമ്പോൾ ഭൂമിയുടെ വിലയായി. ഇന്നത്തെ പ്രശ്നം എന്ന് പറയുന്നത്, നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതു സ്ഥാപനങ്ങൾ, ആശുപത്രികൾ, ക്ളബ്ബുകൾ എന്നിവിടങ്ങളിൽ പഴയ കാലം മുതലുള്ള കൂടിശ്ശിക ഇങ്ങനെ കിടക്കുകയാണ്. കോടിക്കണക്കിനു രൂപ പിരിഞ്ഞു കിട്ടാനുള്ള നിലയിൽ കിടക്കുകയാണ്. വാസ്തവം പറഞ്ഞാൽ റെന്റ് റിയലിസ്റ്റിക്കല്ല, പ്രായോഗികമല്ല, അതുകൊണ്ട് അതൊന്ന് സ്ട്രീംലൈൻ ചെയ്യാൻ വേണ്ടിയുള്ള ഒരു പ്രൊപ്പോസൽ കൊടുത്തിരിക്കുകയാണ്. അതൊന്നു പുതുക്കി നിശ്ചയിക്കണം. അല്ലാതെ മാർക്കറ്റ് വാല്യൂവിന്റെ 20 ശതമാനം എന്നു പറയുന്ന റേറ്റ് വളരെ എക്സോർബിറ്റാണ്. ആ നിലയ്ക്ക് നമുക്ക് ഈടാക്കാൻ പറ്റില്ല. അതു സ്ട്രീംലൈൻ ചെയ്യണം എന്ന് ഉദ്ദേശിക്കുന്നു.

ശ്രീ. കെ. കെ ഷാജു : സർ, ഗവൺമെന്റിനു കിട്ടേണ്ട പാട്ട വാടക കൃത്യമായി കിട്ടാതെ ഇരിക്കുമ്പോൾ മറു ഭാഗത്ത്, അതായത് കായലിന്റെയും ആറിന്റെയും തീരങ്ങളിൽ താമസിക്കുന്നവർ കുത്തകപാട്ട വ്യവസ്ഥയിൽ ഭൂമി എടുത്തിട്ടുണ്ട്. അങ്ങനെ തലമുറകളായി ദേഹണ്ഡിച്ച് കൈവശം വച്ചുകൊണ്ടിരിക്കുന്ന അത്തരം ഭൂമികൾ അവർക്കു പതിച്ചു കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, പതിച്ചു കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. പക്ഷേ പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ നിക്ഷിപ്തമല്ലാത്ത ഭൂമിയെ സംബന്ധിച്ചിടത്തോളം, ഗവൺമെന്റിന് അസൈനബിളായിട്ട് കൊടുക്കാവുന്ന ഭൂമി മുഴുവൻ ഒരു കാലാവധിക്കകം പതിച്ചു കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. അതനുസരിച്ചുള്ള നടപടികൾ എടുത്തുവരികയാണ്.

ശ്രീ. ജോണി നെല്ലൂർ : സർ, പാട്ടത്തിനു കൊടുത്തിരിക്കുന്നത് പഞ്ചായത്തു പ്രദേശങ്ങൾ 1964-ലെ ഭൂ നികുതി നിയമപ്രകാരവും മുനിസിപ്പൽ പ്രദേശങ്ങൾ 1995-ലെ ചട്ടങ്ങൾ പ്രകാരവുമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി, പറയുകയുണ്ടായി. പാട്ടത്തിനു കൊടുക്കാൻ ഇപ്പോൾ സ്വീകരിച്ചു വരുന്ന മാനദണ്ഡം എന്താണ് ; പഞ്ചായത്തു പ്രദേശത്തിനും മുനിസിപ്പൽ പ്രദേശത്തിനും പ്രത്യേകം കാലാവധി നിശ്ചയിച്ചാണോ പാട്ടത്തിനു കൊടുക്കുന്നത് ?

ശ്രീ. കെ. എം. മാണി : സർ, പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും വ്യത്യസ്തമായ മാനദണ്ഡങ്ങൾ ആണ്. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം 1985-ലെ ജി. ഒ. ആണ് ആപ്ളിക്കബിൾ. അവിടെ കൊമേഴ്സ്യൽ, നോൺ കൊമേഴ്സ്യൽ എന്നല്ല പറഞ്ഞിരിക്കുന്നത്. പഞ്ചായത്താണെങ്കിൽ 10 ശതമാനം of the market value-ഉം മുനിസിപ്പാലിറ്റിയാണെങ്കിൽ 15 ശതമാനം of the market value-ഉം ആണ്. പഞ്ചായത്താണെങ്കിൽ 10 ശതമാനത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം 1995-ൽ റിവൈസ്ഡ് ജി. ഒ. വന്നു. അവിടെയാണ് കൊമേഴ്സ്യൽ പർപ്പസും നോൺ കൊമേഴ്സ്യൽ പർപ്പസും പറഞ്ഞത്. കൊമേഴ്സ്യൽ പർപ്പസിലാണെങ്കിൽ 20 ശതമാനം of the market value-ഉം പഞ്ചായത്തിലാണെങ്കിൽ 10 ശതമാനം of the market value-ഉം ആണ് ഇപ്പോൾ നിലവിലുള്ളത്.

ശ്രീ. ജോണി നെല്ലൂർ: സർ, ഇവിടെ ഒരു പ്രത്യേക ഉദ്ദേശം പറഞ്ഞ് സർക്കാരിൽ നിന്നും പാട്ടത്തിനു വസ്തു വാങ്ങിയതിനുശേഷം ആ ഉദ്ദേശത്തിൽ നിന്നും വ്യതിചലിച്ച് പലപ്പോഴും മറ്റു പല ഏർപ്പാടുകളും നടത്തിവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പാട്ട വ്യവസ്ഥകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുമോ ?

ശ്രീ. കെ. എം. മാണി: സർ, അങ്ങനെയുള്ള ഏതെങ്കിലും കേസ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അത് ക്യാൻസൽ ചെയ്യാവുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ: സർ, സർക്കാർ പുറംപോക്കിൽ താമസിക്കുന്ന പാവപ്പെട്ട ആളുകൾക്ക് ഭൂമി പതിച്ചു കൊടുക്കാൻ നടപടി സ്വീകരിക്കുന്നതായി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയുകയുണ്ടായി. മിച്ച ഭൂമിയായി വന്ന പൊതു കൃഷി സ്ഥലങ്ങൾ അർഹതപ്പെട്ട ആളുകൾക്ക് ഇനിയും പതിച്ചു കൊടുത്തിട്ടില്ല. ഈ മിച്ച ഭൂമിയിൽ പൊതു ആവശ്യങ്ങൾക്കുവേണ്ടിയുള്ള സ്ഥലങ്ങൾ ജില്ലാകളക്ടർക്കു പതിച്ചു നൽകാനുള്ള അധികാരം പണ്ടു കാലത്ത് കൊടുത്തിരുന്നു. പ്രത്യേകിച്ചും കുടിവെള്ള പദ്ധതി, റോഡ്, സർക്കാർ ആവശ്യത്തിനുള്ള ഹോസ്റ്റൽ നിർമ്മാണം തുടങ്ങിയവയ്ക്ക് കൊടുത്തിരുന്നു. ആ അധികാരം ഇന്ന് അവരിൽ നിന്നും മാറ്റിയിരിക്കുന്നു. പൊതു ആവശ്യത്തിന് മിച്ച ഭൂമി കൊടുക്കുകയും ബാക്കി സ്ഥലം അർഹരായവർക്ക് സമയബന്ധിതമായി കൊടുക്കുകയും ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി: സർ, ഇതിനു ലാന്റ് റിഫോംസ് ആക്ടിൽ പ്രത്യേകമായി വ്യവസ്ഥയുണ്ട്. മിച്ച ഭൂമിയിൽ ഇത്ര പെർസന്റേജ് വരെ വേണമെങ്കിൽ പബ്ലിക് പർപ്പസിനുവേണ്ടി റിസർവ് ചെയ്യാം. ബാക്കി ഭൂമിയെ സംബന്ധിച്ചിടത്തോളം പാവപ്പെട്ടവർക്ക് അസൈൻ ചെയ്യണം. അതിനൊക്കെ പ്രത്യേകമായി കാറിയിട്ടുകൊണ്ട് അർഹരായിട്ടുള്ള ആളുകൾക്ക് ആ മിച്ച ഭൂമി വിതരണം ചെയ്യുക. ഇതിനൊക്കെ നടപടി ക്രമങ്ങൾ ഉണ്ട്. ആ നടപടി ക്രമങ്ങൾ അനുസരിച്ചാണ് ജില്ലാ കളക്ടർ മിച്ച ഭൂമി വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ഇനി അധികം ഭൂമി വിതരണം ചെയ്യാനുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ആയിരത്തിൽപ്പരം ഏക്കർ ഭൂമി മാത്രമേകാണുകയുള്ളൂ എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് അതിനുള്ള നടപടികൾ നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു : സർ, നമ്മുടെ സംസ്ഥാനത്ത് ആദിവാസികൾക്ക് ഭൂമി കൊടുക്കാനില്ലാതെ വളരെ ബുദ്ധിമുട്ടുന്ന ഈ ഘട്ടത്തിൽ ഗവൺമെന്റ് പാട്ടത്തിനു വർഷങ്ങൾക്കു മുമ്പു കൊടുത്ത പതിനായിരക്കണക്കിന് ഏക്കർ ഭൂമി, അതിനും പുറമെ അവർ കൈവശം വച്ചിരിക്കുന്ന ഭൂമി ഇതൊക്കെ എത്രയാണെന്നു വ്യക്തമായി ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ? ഇടുക്കി ജില്ലയുടെ പല ഭാഗങ്ങളിലും ഇത്തരത്തിലുള്ള ഭൂമി നമുക്കു കാണുവാൻ സാധിക്കും. അതിനെ സംബന്ധിച്ച് വ്യക്തമായി ഗവൺമെന്റ് പരിശോധന നടത്തി ഗവൺമെന്റിനു വീണ്ടെടുക്കാൻ സാധിക്കുന്ന ഭൂമികൾ വീണ്ടെടുക്കാൻ സാധാരണയിൽ കവിഞ്ഞ ജാഗ്രത പുലർത്തി നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ ?

ശ്രീ. കെ. എം. മാണി : സർ, ഞാൻ ഒരു ചോദ്യത്തിനു ഉത്തരമായി പറഞ്ഞതാണ്. നമ്മുടെ സംസ്ഥാത്ത് ആകെ 2633 ഹെക്ടർ സ്ഥലം മാത്രമേ പാട്ടത്തിനു കൊടുത്തിട്ടുള്ളൂ. അതിൽ ഏറിയ പങ്കും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ആയിരിക്കാം. കുറെ ഭാഗങ്ങൾ പബ്ളിക് സെക്ടറിനും കൊടുത്തിട്ടുണ്ട്. എത്രയുണ്ടെന്നു ഇപ്പോൾ പറയാൻ പറ്റില്ല. നോട്ടീസ് ഉണ്ടെങ്കിൽ പ്രത്യേകിച്ചു പറയാം. 2633 ഹെക്ടറിൽ ആരുടെയെങ്കിലും കൈവശം ഇരിക്കുന്ന ഭൂമി ദുരുപയോഗപ്പെടുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ തീർച്ചയായിട്ടും അതു വീണ്ടെടുക്കാം. വ്യവസ്ഥാപിതമായിട്ടാണ് കൈവശം വച്ചിരിക്കുന്നതെങ്കിൽ അതെടുക്കാൻ ബുദ്ധിമുട്ടുണ്ട്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, ഭൂമി പാട്ടത്തിന് എടുക്കുന്നവർ ആ ഉദ്ദശത്തിൽ നിന്നും വ്യതിചലിക്കുകയാണെങ്കിൽ അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടനെ നടപടി എടുക്കാമെന്നു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കൊരട്ടിയിലെ വൈഗാ ത്രഡ്സ്, 2500 തൊഴിലാളികൾക്ക് ജോലി കൊടുക്കാനാണെന്നു പറഞ്ഞുകൊണ്ട് ഗവൺമെന്റിന്റെ 100 ഏക്കർ സ്ഥലം പാട്ടത്തിനു എടുത്തിട്ടുണ്ട്. ഈ കമ്പനി ക്ലോഷർ നോട്ടീസും ആവർത്തിച്ചു കൊടുത്തു. ചന്ദനമരം ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള മരങ്ങൾ അവിടെ നിന്നും മോഷണം പോകുന്നതായി ആരോപണവും ഉണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് പാട്ടത്തിനു കൊടുത്ത ഭൂമിയിൽ ഒരു 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് കെ.എസ്. ഇ. ബി. അപേക്ഷ സമർപ്പിക്കുകയും അതു സംബന്ധമായ ഫയലുകൾ അവസാന തീരുമാനത്തിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ഓഫീസിൽ എത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഫയൽ പരിശോധിച്ച് അവർക്ക് വൈഗാത്രഡ്സിൽ നിന്നും ആ ഭൂമി ഏറ്റെടുത്ത് കെ.എസ്.ഇ.ബി.-ക്ക് സബ് സ്റ്റേഷൻ നിർമ്മാണത്തിന് നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

മി. സ്പീക്കർ : എല്ലാം വാടകയാണ് ടീച്ചറേ. വാടകയെ പറ്റിയുള്ള ചോദ്യമാണ്. ഇതുമായി ഒരു ബന്ധവുമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, ബഹുമാനപ്പെട്ട മന്ത്രി പൊതു ആവശ്യത്തിന് 2633 ഹെക്ടർ സ്ഥലം കൊടുത്തിട്ടുണ്ട് എന്നു പറഞ്ഞു. അതിൽ സ്വകാര്യ വ്യക്തികൾക്കും കമ്പനികൾക്കും ഗവൺമെന്റ് പാട്ടത്തിനു കൊടുത്തിട്ടുള്ളത് ഇതിൽപ്പെടുമോ ? കണ്ണൻദേവൻ കമ്പനി അയ്യായിരത്തോളം ഏക്കർ ഭൂമി പഴയ രാജാവിനോട് പാട്ടത്തിനു വാങ്ങി, പിന്നീട് അതു ടാറ്റായ്ക്കു കൈമാറി. അങ്ങനെ പാട്ടത്തിന്റെ വ്യവസ്ഥകൾക്കുള്ളിൽ നിന്നുകൊണ്ട് തന്നെ പാട്ടം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ ; വർദ്ധനവു വരുത്തിയിട്ടുണ്ടോ ഇത് അതിൽപ്പെടുമോ ?

ശ്രീ. കെ. എം. മാണി : സർ, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം റവന്യൂ ഡിപ്പാർട്ടുമെന്റിന് റിവൈസ് ചെയ്യാവുന്ന കാര്യങ്ങളെ സംബന്ധിച്ച് റിവൈസ് ചെയ്യാം. The Kerala Grants and Lease (Modification of Rights) Act 1970 അനുസരിച്ച് മഹാരാജാക്കന്മാരുടെ കാലത്ത് കൊടുത്തിരുന്ന ഭൂമിയെ സംബന്ധിച്ചുള്ളത് ബിസിനസ്സ് റൂൾ അനുസരിച്ച് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ചെയ്യേണ്ടതാണ്. അവർ പരിശോധിക്കേണ്ടതാണ്. റവന്യൂ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ച് എവിടെയെങ്കിലും ലീസ് വർദ്ധിപ്പിക്കാൻ കഴിയുമെങ്കിൽ ആ വിഷയം പരിശോധിക്കാം.

ശ്രീ. എ. സുജനപാൽ : സർ, ഗ്വാളിയോർ റയോൺസിന് ഗവൺമെന്റ് ആയിരക്കണക്കിന് ഏക്കർ ഭൂമി മുള വച്ച് പിടിപ്പിക്കാനും മറ്റുമായി കൊടുത്തിട്ടുണ്ട്. ആ ഫാക്ടറി നിൽക്കുന്ന സ്ഥലം, നൂറു കണക്കിന് ഏക്കർ ഭൂമി ഗവൺമെന്റു നൽകിയതാണ്. മൂന്ന് നാല് വർഷമായി ആ ഫാക്ടറി പ്രവർത്തിക്കുന്നില്ല. ആ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : സർ, ഇതെല്ലാം യൂണിലാറ്ററലായി റവന്യൂ ഡിപ്പാർട്ടുമെന്റിനു ചെയ്യാൻ കഴിയുന്ന കാര്യങ്ങളല്ല. അത് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിനു കൈമാറിയിട്ടുള്ളതാണ്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിനു അതു വേണ്ട എന്നുള്ള നിലയിൽ അവർ ഒരു അഭിപ്രായം പറയുകയാണെങ്കിൽ ഇത് ഏറ്റെടുക്കാൻ ഒരു വിഷമവുമില്ല. എന്തായലും ഇങ്ങനെയുള്ള വിഷയങ്ങളെ സംബന്ധിച്ച് ഞങ്ങൾ ആലോചിക്കുന്നതാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : സർ, 2633 ഹെക്ടർ ഭൂമി ഇപ്പോൾ വ്യക്തികളുടെ കയ്യിൽ പാട്ടത്തിനായി നൽകിയിരിക്കുകയാണ്. അതിൽ ഭൂരിപക്ഷവും സ്വകാര്യ വ്യക്തികൾക്കാണ് നൽകിയിരിക്കുന്നത്. അവരിൽ നിന്നും പാട്ട സംഖ്യ തന്നെ കൃത്യമായി ലഭിക്കുന്നില്ല. പലരും പാട്ട സംഖ്യ കുടിശ്ശികയാക്കിയിരിക്കുകയാണ്. പാട്ടസംഖ്യ കൃത്യമായി അടയ്ക്കാത്ത സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിനു നൽകിയിട്ടുള്ള ഭൂമി പാട്ട വ്യവസ്ഥ കാലാവധി തീരുന്ന മുറയ്ക്ക് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : സർ, പാട്ട സംഖ്യ കർശനമായി പിരിക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഞാൻ പ്രായോഗികമായി ഒരു വശം പറഞ്ഞു എന്നേയുള്ളൂ. 25 ശതമാനം of the market value എന്ന നിലവിലുള്ള വ്യവസ്ഥ വളരെ എക്സോർബിറ്റന്റാണ്. അതുകൊണ്ട് തുക പെട്ടെന്ന് വലിയൊരു സംഖ്യയായി മാറുകയാണ്. പലപ്പോഴും ആ തുക അടയ്ക്കാൻ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ബുദ്ധിമുട്ടു വരുന്നു. അത് പ്രായോഗികമായി ബുദ്ധിമുട്ടുള്ളതാണ്. അതുകൊണ്ട് അതു പരിഷ്ക്കരിക്കേണ്ടത് ആവശ്യമാണെന്നു ഗവൺമെന്റു ചിന്തിക്കുന്നുവെന്നേ ഞാൻ പറഞ്ഞുള്ളൂ. അതിനു വിധേയമായി കർശനമായി ഈ തുകകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നുണ്ട്. അതിൽ യാതൊരു സംശയവുമില്ല.

ശ്രീ. എ. കെ. മണി : സർ, മൂന്നാറിലെ ടാറ്റാ കമ്പനിയുടെ സ്ഥലത്തെപ്പറ്റി വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് എപ്പോഴും ഉണ്ടായിട്ടുള്ളത്. എന്റെ ചോദ്യം ടാറ്റാ കംപനിക്ക് കൊടുത്തിട്ടുള്ള സ്ഥലങ്ങൾ ലീസ് ലാന്റ് അല്ല. ഒരു സ്പെഷ്യൽ ഗ്രാന്റുണ്ട്. പഞ്ചായത്ത് പറയുന്നത് റോഡുകളും തോടുകളും പഞ്ചായത്തിന്റേതാണെന്നാണ്. ആക്റ്റിൽ പറയുന്നത് തീർത്തും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ്. ആ റോഡുകളും തോടുകളും കെ.ഡി.എച്ച് ലാന്റിന്റെ നിയമത്തിൽ ഉൾപ്പെട്ടിട്ടുള്ളതുകൊണ്ട്, കമ്പനിയുടെ കയ്യിലുള്ളതുകൊണ്ട് കമ്പനിയുടേതാണ് എന്നുള്ളതാണ് തർക്കം. അതുകൊണ്ട് എന്താണുണ്ടാകുന്നതെന്നു വച്ചാൽ, പഞ്ചായത്ത് ചെയ്യേണ്ട വികസന പദ്ധതികൾ മുഴുവൻ തടസ്സമാകുകയാണ്. ആ സ്ഥലങ്ങളെല്ലാം കമ്പനിയുടേതാണെന്ന് അവർ തർക്കിക്കുന്നു. പഞ്ചായത്തിന്റെ നിയമം ഒരു ഭാഗത്തിരിക്കെ ലീസിനു കൊടുത്തിട്ടുള്ള ലാന്റ് സ്പെഷ്യൽ ഗ്രാന്റിൽ വരുമ്പോൾ ഇതുപോലുള്ള തർക്കങ്ങൾ മുഴുവൻ മാറ്റുവാൻ വേണ്ടിയും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ വേണ്ടിയും നമ്മുടെ നിയമത്തിൽ അമെന്റ്മെന്റ് കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : സർ, നിലവിലുള്ള നിയമം കൊണ്ടുതന്നെ പരിഹരിക്കാവുന്ന വിഷയങ്ങളായിരിക്കാം. അവർ തമ്മിൽ നിയമപരമായി തർക്കങ്ങളുണ്ടെങ്കിൽ ആ തർക്കങ്ങളുടെ യഥാർത്ഥമായ വിവരങ്ങൾ എന്താണെന്ന് ലാ ഡിപ്പാർട്ടുമെന്റിൽ ക്ളിയർ ചെയ്യാൻ കഴിയും. ലാ ഡിപ്പാർട്ടുമെന്റിൽ ഏതെങ്കിലും ഒരു ഇൻഡിവിഡുവൽ കേസ് സമീപിച്ചതായി അറിയില്ല. ഉണ്ടെങ്കിൽ ആ കാര്യം ഞാൻ പ്രത്യേകിച്ച് എക്സ്പ്ലൈൻ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly